"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഉപദേശ-സി) വകുപ്പ്

നം. ADV-C1/58/2025-PandARD

തിരുവനന്തപുരം,
തീയതി: 02-06-2025

**<u>സർക്കുലർ</u>**

വിഷയം:- ഉദ്യോഗസ്ഥ-ഭരണപരിഷ്കാര വകുപ്പ് - സർക്കാർ അംഗീകൃത സർവ്വീസ് സംഘടനകളുടെ മേൽവിലാസം ഉൾപ്പെടെയുള്ള വിവരങ്ങൾ അപ്ഡേറ്റ് ചെയ്യുന്നത്-സംബന്ധിച്ച്.

**********************

സർക്കാർ അംഗീകൃത സർവ്വീസ് സംഘടനകളുമായി സർക്കാർ നടത്തുന്ന ചർച്ചകളിൽ പങ്കെടുക്കുന്നതിന് നൽകുന്ന അറിയിപ്പുകൾ ചില സംഘടനകൾക്ക് ലഭിക്കുന്നില്ലെന്ന് പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ, സർക്കാർ അംഗീകൃത സർവ്വീസ് സംഘടനകൾക്ക് നൽകുന്ന അറിയിപ്പുകൾ കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിലേയ്ക്കായി സർ ക്കാർ അംഗീകാരം നൽ കിയിട്ടുള്ള സർവ്വീസ് സംഘടനകളുടെ പുതുക്കിയ മേൽവിലാസം ഉൾപ്പെടെയുള്ള വിവരങ്ങൾ ഗൂഗിൾ ഫോം മുഖേന ശേഖരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്

ആയതിനാൽ, സർക്കാർ അംഗീകാരം നൽകിയിട്ടുള്ള പൊതു സർവ്വീസ് സംഘടനകളുടെയും വകുപ്പുതല സർവ്വീസ് സംഘടനകളുടെയും വിവരങ്ങൾ ബന്ധപ്പെട്ട സംഘടനാ ചുമതല വഹിക്കുന്നവർ/പ്രതിനിധികൾ *<u>https://forms.gle/Q3hPYbVmQyoZiWw86</u>* എന്ന ലിങ്കിൽ പ്രവേശിച്ച് അപ്ഡേറ്റ് ചെയ്യേണ്ടതാണ്. കൂടാതെ അതാത് വകുപ്പ് മേധാവികളും സ്ഥാപനമേധാവികളും പ്രസ്തുത വകുപ്പിന്/സ്ഥാപനത്തിന് കീഴിൽ പ്രവർത്തിക്കുന്ന സർക്കാർ അംഗീകൃത സർവ്വീസ് സംഘടനകൾ വിവരം അപ്ഡേറ്റ് ചെയ്തിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.

ഡോ. വീണ എൻ മാധവൻ ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും, ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിയ്ക്കും (ഇ-ഓഫീസ് നോട്ടീസ് ബോർഡ് മുഖേന)

എല്ലാ വകുപ്പ മേധാവികൾക്കും/നിയമനാധികാരികൾക്കും

എല്ലാ ജില്ലാ കളക്ടർമാർക്കും

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്തു സഹിതം)

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്തു സഹിതം)

സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്തു സഹിതം)

സെക്രട്ടറി, കേരള സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം

സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും,

എല്ലാ സെക്ഷനുകൾക്കും.( ഇ-ഓഫീസ് നോട്ടീസ് ബോർഡ് മുഖേന)

വിവര പൊതുജനസമ്പർക്ക വകുപ്പ് ഡയറക്ടർക്ക് (വിപുലമായ പ്രചാരണത്തിന്)

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പിന് (കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്)

നോഡൽ ഓഫീസർ, ഉദ്യോഗസ്ഥ-ഭരണപരിഷ്കാര വകുപ്പ് (www.pard.kerala.gov.in എന്ന വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Sivakumar. G

Date: 03-06-2025 10:17:52

സെക്ഷൻ ഓഫീസർ.